# മാവൂർ: ഗവൺമെന്റ് വിട്ടുവീഴ്ചകൾക്ക് തയ്യാറായേക്കും

കോഴിക്കോട്: മാവൂർ റയോൺസ് ഫാക്ടറി തുറക്കണമെങ്കിൽ മുളയ്ക്കും യൂക്കാലിപ്റ്റ്സിനുമുള്ള വില ഇളവ് ഇനിയും വർദ്ധിപ്പിക്കേണ്ടി വരും. നഷ്ടം സഹിച്ചും ഫാക്ടറി തുറപ്പിക്കാനാണ് സർക്കാർ നീക്കങ്ങൾ.

വനവിഭവങ്ങൾ വില കുറച്ച് നല്കുന്നതിന് പ്രധാന തടസം ലോകബാങ്കുമായി വനംവകുപ്പുണ്ടാക്കിയ പുതിയ കരാറാണ്. ഈ കരാർ വ്യവസായ ആവശ്യങ്ങൾക്കായി വനവിഭവങ്ങൾ വില കുറച്ച് നല്കുന്നത് വിലക്കുന്നു. വന

**കേരളീയം ന്യൂസ് സർവ്വീസ്**

വിഭവങ്ങളുടെ യഥാർത്ഥ വിലയിൽ മാത്രമേ അത് വില്ക്കാൻ പാടുള്ളൂ. പക്ഷേ, ഈ വില സർക്കാർ വകുപ്പുകൾ നിശ്ചയിക്കുന്നതാണ്. അഞ്ചു വർഷത്തിനുള്ളിൽ ഈ വില പ്രാബല്യത്തിൽ വന്നാൽ മതി. അതിനാൽ വിലയിളവ് കുറച്ചുകാലത്തേക്കു കൂടി തുടരാൻ കഴിയുമെന്നാണ് സർക്കാർ കണക്കുകൂട്ടൽ.

ഗ്രാസിം ഫാക്ടറിക്ക് മുള – യൂക്കാലിപ്റ്റസ് നല്കുന്നത് ടണ്ണിന് ശരാശരി 500 രൂപയിൽ താഴെ വിലയ്ക്കാണ്. സർക്കാർ നിശ്ചയിച്ച വില 900 രൂപയിലധികവും. ഒരു ടൺ മുളയ്ക്ക് മാർക്കറ്റ് വില 3000 രൂപയോളം വരും. വനവിഭവങ്ങൾക്ക് സർക്കാർ നിശ്ചിത വില മാർക്കറ്റ് വിലയുമായി ഒരു ബന്ധവുമില്ല. അതിനേക്കാൾ താഴ്ന്ന വിലയിലാണ് വ്യവസായ സ്ഥാപനങ്ങൾക്കുള്ള വില്പന നടക്കുന്നത്.



മലിനീകരണ നിയന്ത്രണത്തിന്റെ കാര്യത്തിലും നീക്കുപോക്കുണ്ടാവും. ഫാക്ടറിയിലെ മലിനീകരണ നിയന്ത്രണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന് തൃപ്തികരമാണെന്നു രേഖയുണ്ടാക്കിയാണ് ഇതു സാധിക്കുക. വൈദ്യുതിയിനത്തിലും ഇളവുകൾ ഉണ്ടായേക്കും എന്നാണ് സൂചന. തൊഴിലാളികളുടെ വേതന വർദ്ധന താൽകാലികമായി മരവിപ്പിക്കുകയാണ് മറ്റൊരു നീക്കം.

ഫാക്ടറി അടച്ചുപൂട്ടാൻ ഗ്രാസിം അധികൃതർ നല്കിയ പരാതിയിലെ പലതും സർക്കാർ നിരാകരിച്ചിട്ടുണ്ടെങ്കിലും, അതിന് വഴങ്ങിയേക്കുമെന്ന സൂചനയുണ്ട്.

യൂക്കാലിപ്ററസിന്റെ ലഭ്യതക്കുറവാണ് ഫാക്ടറി അടച്ചുപൂട്ടാൻ അനുമതി തേടിയതിനു പ്രധാന കാരണമായി ഫാക്ടറി അധികൃതർ പറയു

(ശേഷം 6–ാം പേജ്)

# മാവൂർ: വിട്ടുവീഴ്ചയ്ക്കു തയ്യാറാകും

1-ാം പേജ് തുടർച്ച

ന്നത്. പ്രതിവർഷം രണ്ടു ലക്ഷം ടൺ യൂക്കാലിപ്റ്റസ് വേണ്ടിടത്ത് അതിന്റെ നാലിലൊന്ന് നല്കാൻ പോലും സർക്കാരിനാവുന്നില്ല. കഴിഞ്ഞ ആറു വർഷങ്ങളിൽ 12 ലക്ഷം ടൺ യൂക്കാലിപ്റ്റസ് നല്കാനേറ്റ സ്ഥാനത്ത് 6 ,87,249 ടൺ യൂക്കാലിപ്റ്റസാണ് സർക്കാർ നല്കിയതത്രെ. ഇതുമൂലം കമ്പനിക്ക് 3.66 കോടി രൂപ നഷ്ടമുണ്ടായി. വേണ്ടത്ര ഗുണമുള്ള മരം കിട്ടാത്തതുമൂലം ഉത്പന്നത്തിന്റെ ഗുണമേന്മയേയും ബാധിച്ചിട്ടുണ്ട്. മാർക്കറ്റിൽ ഉത്പന്നത്തിന്റെ ആവശ്യകതയെ ഇതു ബാധിക്കുന്നു.

പുതിയ ഇറക്കുമതി നയം മൂലം വിദേശത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് കൃത്രിമ നാരുകൾ വിപണിയിലെത്തിയത് ഗ്രാസിമിന്റെ കമ്പോളത്തെ ബാധിച്ചിട്ടുണ്ട്. മാവൂർ റയോൺസിന്റെ 98-99 ലെ നഷ്ടം 2,20323.57 രൂപ ആണെന്ന് കമ്പനി ചൂണ്ടിക്കാട്ടുന്നു. ശുദ്ധജലത്തിന്റെ ലഭ്യതക്കുറവാണ് ഫാക്ടറി പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ള മറ്റൊരു ഘടകം. ഇതിനായി കമ്പനി ഒന്നര കോടി രൂപ നല്കിയെങ്കിലും ഒരു ഗുണവും ഉണ്ടായിട്ടില്ല. ഫാക്ടറിക്ക് മലിനീകരണ നിയന്ത്രണത്തിന് വരുന്ന അധികചെലവാണ് മറ്റൊരു കാരണമായി പറഞ്ഞിട്ടുള്ളത്. അതു രണ്ടു കോടി രൂപയോളമായി 98-99 ൽ എന്ന് കമ്പനി പറയുന്നു.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെക്കുറിച്ച് കമ്പനിയുടമകൾ പറയുന്ന കണക്ക് തെറ്റാണെന്നും സർക്കാർ നല്കിയ മരങ്ങൾ എടുക്കുന്നതിൽ കമ്പനി താത്പര്യം കാണിച്ചിട്ടില്ല എന്നുമാണ് സർക്കാർ നിലപാട്. മാർക്കറ്റിൽ നിന്ന് മരം വാങ്ങിയാണ് കമ്പനി പ്രവർത്തിച്ചത് എന്നതിന് രേഖകളില്ലെന്നും സർക്കാർ പറയുന്നു. ഉത്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ കമ്പനി അധികൃതർ ശ്രദ്ധിച്ചിട്ടില്ല എന്നതാണ് ഗ്രാസിമിന്റെ നാരുകൾക്ക് കമ്പോളത്തിൽ ആവശ്യക്കാരെ ഇല്ലാതാക്കിയതെന്നും സർക്കാർ മറുപടിയിൽ പറയുന്നു.

കയറ്റിറക്കുമതിയിലെ നയമാറ്റങ്ങൾ, വൈദ്യുതി ചാർജിലെ വർധന, തൊഴിലാളികളുടെ നിസ്സഹകരണം എന്നിവ മാനേജ്മെന്റ് പ്രശ്നങ്ങളാണ് എന്ന് സർക്കാർ മറുപടിയിൽ ചൂണ്ടിക്കാണിക്കുന്നു.

ലേ ഓഫ് ചെയ്യാൻ 99 മാർച്ച് 11 ന് നല്കിയ അപേക്ഷയിൽ കമ്പനിയുടെ സാമ്പത്തികാവസ്ഥ വളരെ ഭദ്രമാണെന്ന് കാണിച്ചിരുന്നു. എന്നാൽ കമ്പനി അടച്ചിടാൻ നല്കിയ അപേക്ഷയിൽ കമ്പനി തകർച്ചയിലാണെന്നാണ് സ്ഥാപിക്കുന്നത്. അതേസമയം 1998 -99 ൽ കമ്പനി 67 ശതമാനം ഡിവിഡന്റാണ് നല്കിയത്.

കമ്പനി നല്കിയ കണക്കുകളിലെ വൈരുദ്ധ്യങ്ങൾ ഇതൊരു സമ്മർദ്ദതന്ത്രമാണെന്ന് വ്യക്തമാക്കുന്നവയാണ്. സർക്കാർ മറുപടിയിൽ കമ്പനിയുടെ കണക്കുകളെ നിരാകരിക്കുന്നുവെങ്കിലും പ്രാവർത്തികതലത്തിൽ, കമ്പനിയുടെ ആവശ്യങ്ങളെ അനുകൂലിക്കും എന്നാണ് സൂചനകൾ.